പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാചോദ്യം നം.5423

26/03/2018 ൽ
മറുപടിക്ക്

## ചെറുകിട കശുവണ്ടി കർഷകരുടെ പ്രതിസന്ധി

ചോദ്യം
ശ്രീ. കെ.എൻ.എ ഖാദർ
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

ഉത്തരം
ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാലാവസ്ഥ വ്യതിയാനം കാരണം സംസ്ഥാനത്തെ ആയിരക്കണക്കിന് ചെറുകിട കശുവണ്ടി കർഷകർ പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കാലാവസ്ഥ വ്യതിയാനം മൂലം ചെറുകിട കർഷകർ പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയവും കശുവണ്ടി വ്യവസായം നേരിടുന്ന അനിശ്ചിതാവസ്ഥയുമാണ് കർഷകരെ പ്രതിസന്ധിയിലാക്കിയത്. |
| (ബി) | കേരളത്തിന്റെ കശുവണ്ടി ഉൽപാദനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | | കേരളത്തിന്റെ കശുവണ്ടി ഉൽപാദനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2011-12 കാലയളവിൽ ആഭ്യന്തര ഉല്പാദനം 39000 മെട്രിക് ടൺ ആയിരുന്നു. 2016-17 ൽ ഉല്പാദനം 83000 മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. |
| (സി) | കശുവണ്ടി ഉല്പാദനത്തിനും വികസനത്തിനുമായി പ്രതിവർഷം കോടിക്കണക്കിന് രൂപ സർക്കാർ ചെലവഴിക്കുന്നുണ്ടെങ്കിലും അതിനനുസരിച്ചുള്ള ഉല്പാദനവും വളർച്ചയും ഈ രംഗത്ത് കൈവരിക്കുന്നില്ല എന്നതിനാൽ ഇവ ഫലപ്രദമാക്കാൻ കൂടുതലായി എന്തു നടപടികളാണ് ഈ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | (സി) | കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസി, കശുമാവ് കൃഷിയിൽ തൽപരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകി ധനസഹായം നൽകുന്ന കശുമാവ് പുതുകൃഷി, കശുമാവ് തോട്ടം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2016-17 ൽ 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയെങ്കിലും 3.89 കോടി രൂപയാണ് കശുമാവ് കൃഷി വികസന ഏജൻസിക്ക് ലഭിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | 2017 ൽ മാത്രം വിവിധ പദ്ധതികളിലായി 1750 ഹെക്ടർ സ്ഥലത്ത് 3,50,000 കശുമാവ് തൈകൾ വിതരണം ചെയ്തിട്ടുണ്ട്.<br>കൂടാതെ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 300 ഏക്കർ സ്ഥലത്ത് 2017 ൽ കശുമാവ് കൃഷി ചെയ്തിട്ടുണ്ട്. 2018 ൽ 5000 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ച് വരികയാണ്.<br>സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയുടെ നേതൃത്വത്തിൽ കശുമാവ് കൃഷി ചെയ്യുന്നതിനുള്ള ബോധവൽക്കരണം, പരിശീലനം, സാമ്പത്തിക സഹായം ഉൾപ്പെടെ നൽകി വരുന്നു.<br>കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷനും കശുമാവ് കൃഷി വികസന ഏജൻസിയും സംയുക്തമായി ആർ പി എൽ, ബീ ബീ എസ്റ്റേറ്റ് പുനലൂർ, ചെമ്പന്നൂർ ഹൈസ്കൂൾ, പനലൂർ എന്നിവിടങ്ങളിലും കശുമാവ് കൃഷി ആരംഭിച്ചിട്ടുള്ളതാണ്. |

(signature)

**സെക്ഷൻ ഓഫീസർ**